# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6145 — 02/04/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ**<br>**,, റോജി എം. ജോൺ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, കെ.സി.ജോസഫ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിച്ച് ഉല്പാദനരംഗം ശാക്തീകരിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, ചാത്തൻ കോട്ടുനട II, തോട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ, ഇൻടേക്ക് എന്നിവ ഒഴികെയുള്ള സിവിൽ ജോലികൾ 11/4/17- ൽ പുനരാരംഭിച്ചു. ബാക്കി ടണൽ ഇൻടേക്ക് എന്നീ ജോലികൾക്ക് പുതിയ ടെൻഡർ ക്ഷണിക്കുകയും 5/1/2018 – ൽ വർക്കോർഡർ നൽകുകയും ഉണ്ടായി, പ്രാരംഭ പണികൾ 22/1/2018 – ൽ ആരംഭിക്കുകയും, ടണൽ നിർമ്മാണം 19/3/2018 – ൽ തുടങ്ങുകയും ചെയ്തു. ചാത്തൻകോട്ടു നട II ന്റെ ബാക്കി സിവിൽ ജോലികൾക്കുള്ള ടെൻഡർ ക്ഷണിക്കുകയും പുതിയ കരാർ നൽകുകയും ചെയ്തു. 9/11/17 ൽ പണി ആരംഭിച്ചു. തോട്ടിയാർ പദ്ധതിയുടെ ബാക്കി സിവിൽ ജോലികൾക്കായി പുതിയ ടെൻഡർ ക്ഷണിക്കുകയും വർക്കോർഡർ 5/1/18 –ൽ നൽകുകയും ചെയ്തു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതികളുടെ ബാക്കി ഇലക്ട്രോമെക്കാനിക്കൽ ജോലികൾ നടത്തുന്നതിന് യന്ത്ര നിർമ്മാതാക്കാളായ ചൈനീസ് കമ്പനികളുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഈ കമ്പനികളുടെ നിലപാട് അറിഞ്ഞശേഷം അവരുമായി കരാറുണ്ടാക്കി പ്രവൃത്തികളുമായി മുന്നോട്ട് പോകാൻ വൈദ്യുതി ബോർഡ് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. |

<table>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്ത് തുക ആവശ്യമായി വരും; ഇതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;</td><td>(സി)</td><td><table><tr><th>പദ്ധതി</th><th>പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന ഏകദേശ ചിലവ്</th></tr><tr><td>പള്ളിവാസൽ എക്സ്റ്റൻഷൻ</td><td>294 കോടി രൂപ</td></tr><tr><td>തോട്ടിയാർ</td><td>213 കോടി "</td></tr><tr><td>ചാത്തൻകോട്ടുനട II</td><td>61 കോടി. "</td></tr></table>25 MW -ൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് MNRE യുടെ CFA (Central Financial Assistance) ലഭ്യമാണ്. അതിൽ 6 MW ശേഷിയുള്ള ചാത്തൻകോട്ടുനട II – ന് 4.5 കോടി MNRE അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ 25 % തുകയായ 1.125 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ചാത്തൻകോട്ടുനട II ന്റെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നടത്തിപ്പിനായി 16 കോടി രൂപ അടങ്കൽ തുകയുള്ള പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. തോട്ടിയാർ, പള്ളിവാസൽ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമല്ല</td></tr>
<tr><td>(ഡി)</td><td>പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനുമുള്ള കെ.എസ്.ഇ.ബി. പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;</td><td>(ഡി)</td><td>ഉണ്ട്.</td></tr>
<tr><td>(ഇ)</td><td>2014-ൽ സ്വകാര്യ ഇ.എം.സി.കൾക്ക് ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;</td><td>(ഇ)</td><td>കാലതാമസമില്ലാതെ വിശദമായ പദ്ധതി രൂപരേഖകൾ പരിശോധിച്ച് തീർപ്പ കൽപ്പിച്ച പതിവായുള്ള പദ്ധതി അവലോകനം, വിവിധ വകുപ്പുകളെ ഏകോപിപ്പിക്കൽ, ട്രാൻസ്മിഷൻ ലൈനുകൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള സഹായങ്ങൾ എന്നിവ നൽകി. വിവിധ വകുപ്പുകളിലെ വിഷയങ്ങൾ തീർപ്പാക്കാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി നടത്തിപ്പുകാരെയും ഉൾക്കൊള്ളിച്ച് യോഗങ്ങൾ നടത്തി.</td></tr>
<tr><td>(എഫ്)</td><td>2017-ൽ എത്ര ചെറുകിട വൈദ്യുത പദ്ധതികൾക്കാണ് അനുമതി നൽകിയത്; ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?</td><td>(എഫ്)</td><td>20 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ ലഭിച്ച സംരംഭകർ പദ്ധതികളുടെ ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) സർക്കാരിന്റെ ടെക്നിക്കൽ കമ്മറ്റിയ്ക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | | | നൽകേണ്ടതും അനുമതി ലഭിച്ചശേഷം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി മറ്റ് വകുപ്പുകളിൽ നിന്നും അതായത് വനം വകുപ്പ്, പഞ്ചായത്ത്, ഇറിഗേഷൻ എന്നിവയിൽ നിന്നുമുള്ള അനുമതിയ്ക്ക് വിധേയമായി പദ്ധതി തുടങ്ങേണ്ടതുമാണ്. ഇതിനായി 18 മാസമാണ് സമയപരിധി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ